**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.767 10.02.2016-ൽ മറുപടിക്ക്**

**മറ്റത്തൂർ പി .എച്ച് .സി**

| ചോദ്യം | മറുപടി |
|---|---|
| **പ്രൊഫ.സി.രവീന്ദ്രനാഥ്** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മറ്റത്തൂർ പി.എച്ച്.സി - യിൽ രാത്രികാലങ്ങളിൽ രോഗികളെ പരിശോധിക്കാൻ ആവശ്യമായ ഡോക്ടർമാരില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റത്തൂർ പി.എച്ച്.സി-യിൽ രാത്രികാലങ്ങളിൽ ഓൺകോൾ ഡ്യൂട്ടിയാണ് ഉള്ളത്. |
| (ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br>(സി) സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) & (സി) ഇവിടെ ഒരു സിവിൽ സർജന്റെയും, 3 അസിസ്റ്റന്റ് സർജന്റെയും അനുവദിച്ച തസ്തികകളാണ് ഉള്ളത്. ഇതിൽ സിവിൽ സർജന്റെ തസ്തിക 07.09.2015 മുതൽ ഒഴിഞ്ഞുകിടക്കുകയാണ്. 05.10.2015-ന് ഇവിടെ ഒരു ഡോക്ടറെ തൽക്കാലികമായി നിയമിക്കുകയുണ്ടായി. മറ്റൊരു അസിസ്റ്റന്റ് സർജൻ 02.12.2015 മുതൽ പ്രസവാവധിയിൽ ആണ്. എൻ.ആർ. എച്ച്.എം മുഖേന 2 ഡോക്ടർമാർ ഇപ്പോൾ ജോലി ചെയ്തു വരുന്നുണ്ട്. സിവിൽ സർജൻ ഒഴിവുകൾ നികത്തുന്നതിനും നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ